**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1567** — **07-02-2023 - ൽ മറുപടിയ്ക്ക്**

**അന്യാധീനപ്പെട്ട റവന്യൂഭൂമി സർക്കാരിലേക്ക് മുതൽക്കൂട്ടുന്ന നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ജെ. മാക്സി** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ അന്യാധീനപ്പെട്ട റവന്യൂഭൂമി എത്രയെന്നും അവ സർക്കാരിലേക്ക് മുതൽക്കൂട്ടാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്നും വ്യക്തമാക്കാമോ; | (എ) | സർക്കാർ ഭൂമിയിലെ അനധികൃത കയ്യേറ്റം കണ്ടെത്തുന്നതിനും സമയബന്ധിതമായി ഒഴിപ്പിക്കുന്നതിനുമുള്ള നടപടികൾ നടന്നു വരുന്നു. സർക്കാർ ഭൂമിയിലെ കയ്യേറ്റം ഒഴിപ്പിക്കുന്നതിന് കേരള ഭൂസംരക്ഷണ നിയമം 1957 ഉം 1958 ലെ അനുബന്ധ ചട്ടത്തിലെയും 2009 ലെ ഭൂസംരക്ഷണ ഭേദഗതി നിയമത്തിലെയും വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ച വരുന്നു. പ്രസ്തുത കയ്യേറ്റങ്ങൾ കണ്ടെത്തി ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി 10.09.2018 ലെ സർക്കാർ ഉത്തരവ് (സാധാ) നം.3778/2018/റവ പ്രകാരം ജില്ലാ തലത്തിലും താലൂക്ക് തലത്തിലും മോണിറ്ററിംഗ് സെൽ രൂപീകരിച്ചിട്ടുള്ളതും ഈ ടീം വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് താലൂക്ക് സർവ്വെയരുടെ സഹായത്തോടെ പൊതു അവധി ദിവസങ്ങൾ ഉൾപ്പെടെ സ്ഥലപരിശോധനകൾ നടത്തി കയ്യേറ്റം തടയുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതും കയ്യേറ്റം കണ്ടെത്തുന്ന പക്ഷം അത്തരം കയ്യേറ്റങ്ങൾ സമയബന്ധിതമായി തന്നെ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്. ടി സർക്കാർ ഉത്തരവിൻ പ്രകാരം കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിലാക്കുന്നതിലേക്കായി ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ ജോയിന്റ് കമ്മീഷണർ, അസിസ്റ്റന്റ് കമ്മീഷണർ, മറ്റ് ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയത്തിൽ രൂപീകരിച്ചിട്ടുള്ള മോണിറ്ററിംഗ് സെൽ വഴിയും തുടർനടപടികൾ സ്വീകരിച്ചു വരുന്നു. 08/11/2008 ന ശേഷമുള്ള കയ്യേറ്റമാണെങ്കിൽ 2009 ലെ കേരള ഭൂസംരക്ഷണ(ഭേദഗതി) നിയമ പ്രകാരം കയ്യേറ്റ കക്ഷിക്കെതിരെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. കയ്യേറ്റ കേസുകളിന്മേൽ ഉണ്ടാകുന്ന അപ്പീൽ / റിവിഷൻ ഹർജികളിൽ തീരുമാനം എടുക്കുന്നതിനുള്ള |

അധികാരം ഒഴികെ കേരള ഭൂസംരക്ഷണ നിയമ പ്രകാരം ജില്ലാ കളക്ടർക്കുള്ള അധികാരങ്ങൾ സിദ്ധിച്ചിട്ടുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ജലസേചനം, പൊതുമരാമത്ത്, വനംവകുപ്പ്, തുടങ്ങിയ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്ക് കയ്യേറ്റം കേരള ഭൂസംരക്ഷണ നിയമ നടപടികളിലൂടെ ഒഴിപ്പിക്കുന്നതിന് അധികാരം ലഭ്യമായിട്ടുള്ളതാണ്. ടി വകുപ്പുകളുടെ കൈവശമുള്ള ഭൂമികളിലാണ് കയ്യേറ്റം കണ്ടെത്തുന്നതെങ്കിൽ പ്രസ്തുത കയ്യേറ്റം ശ്രദ്ധയിൽപ്പെടുത്തുന്ന മുറയ്ക്ക് കയ്യേറ്റം അളന്ന് തിട്ടപ്പെടുത്തി മഹസ്സർ, സ്കെച്ച് എന്നിവ സഹിതം ടി വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ കേരള ഭൂസംരക്ഷണ നിയമ പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിനായി റവന്യൂ വകുപ്പ് കൈമാറി വരുന്നു. കേരള ഭൂസംരക്ഷണ നിയമ പ്രകാരം കയ്യേറ്റം ഒഴിപ്പിക്കുന്നതിന് അധികാരം സിദ്ധിച്ചിട്ടില്ലാത്ത വകുപ്പുകളുടെ ഭൂമികളിലെ കയ്യേറ്റം റവന്യൂ വകുപ്പ് മുഖാന്തിരവും ഒഴിപ്പിച്ച് ഏറ്റെടുത്ത് കൈമാറി വരുന്നു.സംസ്ഥാനത്തെ അന്യാധീനപ്പെട്ട ഭൂമിയെ സംബന്ധിച്ച ജില്ലാടിസ്ഥാനത്തിലുള്ള വിവരം ജില്ലാ കളക്ടർമാരിൽ നിന്നും ലഭ്യമായ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത് ചുവടെ ചേർക്കുന്നു.

| ജില്ല | അന്യാധീനപ്പെട്ട റവന്യൂ ഭൂമിയുടെ വിസ്തീർണ്ണം (ഹെക്ടർ) |
|---|---|
| തിരുവനന്തപുരം | 122.99.15 |
| കൊല്ലം | 33.1706 |
| പത്തനംതിട്ട | 9.0853 |
| ആലപ്പുഴ | 3.23.94 |
| കോട്ടയം | 9.69052 |
| ഇടുക്കി | 58.80.06 |
| എറണാകുളം | 10.8181 |
| തൃശ്ശൂർ | 27.999 |
| പാലക്കാട് | 1.1598 |
| മലപ്പുറം | 3.2066 |
| കോഴിക്കോട് | 15.44286 |
| വയനാട് | 33.9665 |
| കണ്ണൂർ | 0.9168 |
| കാസർഗോഡ് | 16.231 |
| ആകെ | 346.71858 |

(ബി) ഈ സർക്കാർ കാലയളവിനുള്ളിൽ നാളിതുവരെ

(ബി) ജില്ല കളക്ടർമാരിൽ നിന്നും ലഭ്യമായ റിപ്പോർട്ടുകളുടെ

| | എത്ര ഹെക്ടർ റവന്യൂ ഭൂമി ഇത്തരത്തിൽ സർക്കാരിലേയ്ക്ക് മുതൽക്കൂട്ടാക്കുവാൻ സാധിച്ചു എന്ന് വ്യക്തമാക്കാമോ? | | അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഈ സർക്കാർ കാലയളവിനുള്ളിൽ തിരിച്ചെടുത്ത അന്യാധീനപ്പെട്ട ഭൂമിയെ സംബന്ധിച്ചുള്ള ജില്ലാടിസ്ഥനത്തിലുള്ള വിവരം ചുവടെ ചേർക്കുന്നു. |
|---|---|---|---|

| ജില്ല | ഈ സർക്കാർ കാലയളവിൽ ഒഴിപ്പിച്ച ഭൂമിയുടെ വിസ്തീർണ്ണം (ഹെക്ടർ) |
|---|---|
| തിരുവനന്തപുരം | 2.14.31 |
| കൊല്ലം | 0.8646 |
| പത്തനംതിട്ട | 0.5773 |
| ആലപ്പുഴ | 00.00.81 |
| കോട്ടയം | NIL |
| ഇടുക്കി | 32.53.24 |
| എറണാകുളം | 00.51.12 |
| തൃശ്ശൂർ | 13.688 |
| പാലക്കാട് | 0.6296 |
| മലപ്പുറം | 2.3384 |
| കോഴിക്കോട് | 1.84661 |
| വയനാട് | 0.1853 |
| കണ്ണൂർ | NIL |
| കാസർഗോഡ് | 8.772 |
| ആകെ | 64.09661 |

സെക്ഷൻ ഓഫീസർ